11209
21/6/18

**കേരള സർക്കാർ**

**സംഗ്രഹം**

വനം-വന്യജീവി വകുപ്പ് - നോർത്ത് വയനാട് ഡിവിഷനിൽ കറപ്പ, കളിർമാവ് എന്നിവയുടെ തോൽ കടത്തുന്നതിന് അനധികൃതമായി പാസ് അനുവദിച്ചത് - ശ്രീ.അബ്ദുൾ അസീസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനഃപരിശോധന ഹർജി -നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./225/2018/വനം തീയതി,തിരുവനന്തപുരം, 14/05/2018

പരാമർശം:- 1 ) 01.07.1997 ലെ സംരക്ഷണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-53349/96 നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

2) 20.02.2008 ലെ ഭരണ വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-53349/96 നമ്പർ ഉത്തരവ്.

3 ) ശ്രീ.അബ്ദുൾ അസീസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനഃപരിശോധന ഹർജി

4 ) 21.11.2017 ലെ ഭരണ വിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-53349/96 നമ്പർ കത്ത്.

**ഉത്തരവ്**

നോർത്ത് വയനാട് ഡിവിഷനിലെ മാനന്തവാടി, പേര്യ റെയിഞ്ചുകളിൽ നിന്നും കറപ്പ, കളിർമാവ് എന്നിവയുടെ തൊലി കടത്തുന്നതിന് പാസ്സ് നൽകിയതിൽ ഗുരുതരമായ ക്രമക്കേടുകൾ ഉണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുവാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് വിഭാഗം) ശുപാർശ ചെയ്തതിനെതുടർന്ന് അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.അബ്ദുൾ അസീസ്, അടക്കം 5 പേർക്ക് താഴെപ്പറയുന്ന ചാർജ്ജുകൾക്ക് പരാമർശം (1) പ്രകാരം കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തെറ്റായ വിവരങ്ങളോടു കൂടിയ റിപ്പോർട്ട്

സമർപ്പിച്ചു.

( i i ) തോലിന്റെ അളവ്, തോൽ ശേഖരണത്തിന്റെ ഉത്ഭവസ്ഥാനം എന്നിവ പരിശോധിക്കുന്നതിൽ പരാജയപ്പെട്ടു.

(iii) തോൽ കടത്തിക്കൊണ്ടുപോയ വ്യക്തികൾക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്യുന്നതിൽ പരാജയപ്പെട്ടു.

(iv) കെ.എഫ്.പി.റ്റി. റൂൾസ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 29.10.1987 ലെ നമ്പർ 38/87, 10.10.88 ലെ നമ്പർ 78/88 എന്നീ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ലംഘിക്കുകയും ചെയ്തു.

( v ) ടിയാന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ മൂലം സർക്കാരിലേയ്ക്ക് കനത്ത നഷ്ടം സംഭവിക്കാനിടയായി.

(vi) ടിയാൻ, രേഖകൾ വളച്ചൊടിക്കുകയും കൃത്രിമത്വം കാണിക്കുകയും വ്യാജ തെളിവ് നൽകുകയും ചെയ്തു. ഇത് തികഞ്ഞ കൃത്യവിലോപവും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അനാസ്ഥയുമാണ്.

2 ) കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലാത്തതിനാൽ ഔപചാരികാന്വേഷണത്തിനുത്തരവാകുകയും അന്വേഷണത്തിൽ ശ്രീ.അബ്ദുൾ അസീസിനെതിരായ 1,2,3,6ചാർജ്ജുകൾ തെളിഞ്ഞതായി കണ്ടെത്തുകയും ചെയ്തു.തുടർന്ന് ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫല പ്രാബല്യത്തോടെ തടയുന്നതിനോ, തുല്യമായ തുക ഈടാക്കുന്നതിനോ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാന്റെ വിശദീകരണം പരിഗണിച്ച് ശിക്ഷയിൽ ഇളവ് വരുത്തി ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായി.

3) ടിയാൻ സർക്കാരിൽ പരാമർശം(3) പ്രകാരം പുനഃപരിശോധനാ ഹർജി സമർപ്പിച്ചു. പ്രസ്തുത ഹർജിയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം ലഭ്യമാക്കിയ അഭിപ്രായത്തിൽ

ശ്രീ.അബ്ദുൾ അസീസ്, അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് 13.03.2008-ൽ കൈപ്പറ്റിയിരുന്നുവെന്നും അപ്പീൽ സമർപ്പിച്ചിരുന്നില്ലായെന്നും അറിയിച്ചു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.അബ്ദുൾ അസിസിനെതിരായ അച്ചടക്കനടപടി 20.02.2008-ൽ തീർപ്പാക്കിയിട്ടുള്ളതും ടി ഉത്തരവ് ടിയാൻ 13.03.2008-ൽ കൈപ്പറ്റിയിട്ടുള്ളതുമാണ്. അച്ചടക്ക നടപടി തീർപ്പാക്കി 9 വർഷത്തിനുശേഷം സമർപ്പിച്ചിരിക്കുന്ന ഹർജിയിൽ കാലതാമസത്തിനുള്ള കാരണം ബോധിപ്പിച്ചിട്ടില്ല. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം പുനഃപരിശോധനാ ഹർജി രണ്ട് മാസക്കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം15പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ഔപചാരികാന്വേഷണം ഉൾപ്പെടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്. ഔപചാരികാന്വേഷണത്തിൽ ടിയാനെതിരെയുള്ള 6 ചാർ ജ്ജുകളിൽ 4 ചാർജ്ജുകൾ തെളിഞ്ഞതായി കണ്ടെത്തിയിരുന്നു.കൂടാതെ ടിയാന്റെ എല്ലാ വാദമുഖങ്ങളും പരിഗണിച്ചാണ് ലഘുശിക്ഷ നൽകിയത്.

5) മേൽ സാഹചര്യത്തിൽ ശ്രീ.അബ്ദുൾ അസീസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനഃപരിശോധന ഹർജി പരിഗണിക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാൽ പ്രസ്തുത ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)

ശ്രീ.അബ്ദുൾ അസീസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ